LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ താലൂക്ക് ഡിപ്പോകളിൽനിന്നും ഔട്ട്‌ലെറ്റുകളിലേയ്ക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിന്റെ ചുമതല ഡിപ്പോ മാനേജർക്കും ഡിപ്പോയിലെ ബന്ധപ്പെട്ട സ്റ്റോക്ക് കസ്റ്റോഡിയൻമാർക്കുമാണ്.

(ബി) ചങ്ങനാശ്ശേരി ഡിപ്പോയിൽനിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന്റെ ചുമതല കോൺട്രാക്ടർക്ക് നൽകിയിട്ടില്ല.

(സി) താലൂക്ക് ഡിപ്പോകളിൽനിന്നും ഔട്ട്‌ലെറ്റുകളിലേയ്ക്ക് വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവിലും ഗുണത്തിലുമുള്ള കൃത്യത ഉറപ്പുവരുത്തുന്നതിനായി ജൂനിയർ മാനേജർ (എം&ഐ) സ്റ്റോക്ക് പരിശോധിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ താലൂക്ക് ഡിപ്പോയിൽനിന്നും ലഭിക്കുന്ന സാധനങ്ങൾ ഔട്ട്‌ലെറ്റുകളിൽ തുക്കം ഉറപ്പുവരുത്തിയശേഷം മാത്രം ഇറക്കിവക്കുന്നതിനും ബന്ധപ്പെട്ട GIS (Goods Issue Sheet) ഒപ്പിട്ടു കൊടുക്കുന്നതിനും ഔട്ട്‌ലെറ്റ് മാനേജർമാർക്കുള്ള നിർദ്ദേശം നിലവിലുണ്ട്.

(ഡി) ഇത്തരത്തിലുള്ള ചുരുക്കം ചില പരാതികൾ ലഭിച്ചത് അതാത് ഡിപ്പോകളിലെ ജൂനിയർ മാനേജർമാർ അന്വേഷിച്ച് തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് ഔട്ട്‌ലെറ്റ് തലത്തിൽ കൺസ്യൂമർ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഇ) ജൂനിയർ മാനേജർ (എം & ഐ) യുടെ പരിശോധനയിൽ ഇത്തരം ക്രമക്കേടുകൾ കണ്ടെത്തിയാൽ നടപടികൾ സ്വീകരിക്കാറുണ്ട്. സപ്ലൈകോയുടെ എല്ലാ ഡിപ്പോകളിലെയും ജൂനിയർ മാനേജർമാർ എല്ലാ മാസവും അതാത് ഡിപ്പോകളുടെ കീഴിലുള്ള കുറഞ്ഞത് 12 ഔട്ട്‌ലെറ്റുകളിലെങ്കിലും പരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ ഡിപ്പോ മാനേജർമാർ, മേഖലാ മാനേജർമാർ, വിജിലൻസ് ഓഫീസർ എന്നീ ഉദ്യോഗസ്ഥരും പരിശോധന നടത്തുന്നുണ്ട്. കൃത്രിമങ്ങൾ കണ്ടെത്തിയാൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

സിവിൽ സപ്ലൈസ് വകുപ്പിലെ വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം

228(3153) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങളുടെ വിതരണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി സിവിൽ സപ്ലൈസ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വിജിലൻസ് കമ്മിറ്റികൾ കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല. ഭക്ഷ്യധാന്യ വിതരണത്തിലെ ക്രമക്കേടുകൾ പരിഹരിക്കുന്നതും റേഷൻ തിരിമറികൾ കണ്ടെത്തുന്നതും തടയുന്നതും വിജിലൻസ് കമ്മിറ്റികളുടെ അധികാര പരിധിയിൽപ്പെട്ടതാണെങ്കിലും അത്തരം ക്രമക്കേടുകൾ ഇതുവരെ വിജിലൻസ് കമ്മിറ്റികൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

ആലപ്പുഴ ജില്ലയിലെ സിവിൽ സപ്ലൈസ് ഗോഡൗണിൽനടന്ന ക്രമക്കേടിന്റെ വിശദാംശങ്ങൾ

229(3154) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ സിവിൽ സപ്ലൈസ് ഗോഡൗണിൽ നടന്ന ക്രമക്കേട് എന്തെല്ലാം; ആരെല്ലാമാണ് ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർ ; കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇതിനെ സംബന്ധിച്ച ഏതെങ്കിലും നിലയിലുള്ള അന്വേഷണം നടക്കുന്നുണ്ടോ ;

(ബി) ആലപ്പുഴ ജില്ലയിലെ നന്മ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആവശ്യമായ സാധനങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ ചേർത്തല ഡിപ്പോയിൽ നോൺ മാവേലി കസ്റ്റോഡിയനായിരുന്ന ശ്രീ. വി. റ്റി. ശ്യാം രാജ് ഡിപ്പോയിലെ കമ്പ്യൂട്ടർ ഡിസ്പ്ലേ, അനുബന്ധഭാഗങ്ങളും നശിപ്പിക്കുകയും 31-3-2014-ലെ വാർഷിക കണക്കെടുപ്പ് അട്ടിമറിച്ചതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി എടുത്തുവരുന്നു. കൂടാതെ ടി ഡിപ്പോയിലെ മാവേലി കസ്റ്റോഡിയനായിരുന്ന ശ്രീ. ബിനുരാജ് ജെ.എ.സ്സം, അസിസ്റ്റന്റ് മാനേജർമാരായിരുന്ന ശ്രീ. സുരജ് പി.റ്റി., ശ്രീ. ജോസഫ് പി.പി., ശ്രീ. ശെൽവകുമാർ. ആർ., അസിസ്റ്റന്റ് മാനേജരുടെ ചാർജ് വഹിച്ചിരുന്ന ശ്രീ. സത്യൻ എം.വി. എന്നിവർക്കെതിരെയും അച്ചടക്ക നടപടികൾ എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസ് കേസ്സെടുത്തിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly